2026
JANUARY
05
MON DAY

www.societytodaynews.com

# സൊസൈറ്റി ടുഡേ


SOCIETY TODAY e-paper

വയബീൻ
Home Delivery

## ആഗോള ഇലക്ട്രോണിക്സ് നിർമാണ ഹബ്ബാകാൻ ഇന്ത്യ

**ന്യൂഡൽഹി:** ഇന്ത്യയെ ആഗോള ഇലക്ട്രോണിക്സ് നിർമാണ ഹബ്ബാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ പുതിയ പദ്ധതികൾക്കു വേഗം കൂട്ടുന്നു. ഇതിന്റെ ഭാഗമായി ഇലക്ട്രോണിക്സ് കംപോണന്റ്സ് മാനുഫാക്ചറിംഗ് സ്കീമിനു (ഇസിഎംഎസ്) കീഴിൽ 22 പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകി. ഈ പദ്ധതിക്കു കീഴിൽ നൽകുന്ന മൂന്നാമത്തെ അംഗീകരമാണ്. പദ്ധതികളിൽ ടാറ്റാ ഇലക്ട്രോണിക്സ്, ഫോക്സ്കോൺ, ഡിക്സൺ, സാംസംഗ് എന്നിവ ഉൾപ്പെടുന്നു.

പുതിയ അംഗീകരം വഴി 41,863 കോടി രൂപയുടെ വൻകിട നിക്ഷേപവും 2,58,152 കോടി രൂപ മൂല്യമുള്ള ഇലക്ട്രോണിക്സ് ഘടകങ്ങളുടെ ഉത്പാദനവും പ്രതീക്ഷിക്കുന്നു. ഈ പദ്ധതികൾ 33,791 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും ഇലക്ട്രോണിക്സ് ഘടകഭാഗങ്ങൾക്കായി രാജ്യം മറ്റ് രാജ്യങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുമെന്നും കരുതുന്നു. വെറും അസംബ്ലിംഗിനു പകരം അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾ നിർമിക്കാനുള്ള രാജ്യത്തിന്റെ ശേഷി വികസിപ്പിക്കുന്നതിനും ഇത് പിന്തുണയേകും. മുമ്പത്തെ പദ്ധതികളും നിലവിലുള്ള സെമി കണ്ടക്ടർ പദ്ധതികളും പുതിയ അംഗീകാരങ്ങളും ഒത്തുചേരുമ്പോൾ ഇലക്ട്രോണിക് വിതരണ ശൃംഖലയിലെ ഒരു പ്രധാന ശക്തിയായി മാറാനുള്ള ഇന്ത്യയുടെ ലക്ഷ്യത്തിന് ഈ നീക്കം കരുത്തുപകരുന്നു.



ഇന്ത്യയിലെ ഇലക്ട്രോണിക്സ് നിർമാണ മേഖലയിൽ ആപ്പിളിന്റെ വിതരണശൃംഖലയിലുള്ള കമ്പനികൾ വൻതോതിൽ നിക്ഷേപം നടത്തും. നിക്ഷേപത്തിന്റെയും തൊഴിലവസരങ്ങളുടെയും വലിയൊരു ഭാഗം ഇന്ത്യയിൽ ഉത്പാദനം വ്യാപിപ്പിക്കുന്ന കമ്പനികളിലൂടെയായിരിക്കും. ഈ വിതരണക്കാരിൽ പലരും ആപ്പിളിന്റെ ആഗോള വിതരണ ശൃംഖലയുടെ ഭാഗമാകാൻ തയാറെടുക്കുകയാണ്. ഇതിൽ ചില കമ്പനികൾ ഘടകഭാഗങ്ങൾ അന്താരാഷ്ട്ര തലത്തിലേക്കു കയറ്റുമതി ചെയ്യുന്നു. മദർസൺ ഇലക്ട്രോണിക് കംപോണൻറ്, ടാറ്റാ ഇലക്ട്രോണിക്സ്, എടിഎൽ ബാറ്ററി ടെക്നോളജി ഇന്ത്യ, ഫോക്സ്കോൺ യുഷാൻ ടെക് ഇന്ത്യ, ഹിൻഡാൽകോ ഇൻഡസ്ട്രീസ് എന്നിവയാണ് ആപ്പിളിന്റെ ഈ ശൃംഖലയിലെ പ്രമുഖ കമ്പനികൾ.

ഈ അംഗീകരിച്ച പദ്ധതികൾ ആന്ധ്രപ്രദേശ്, കർണാടക, ഹരിയാന, മധ്യപ്രദേശ്, തമിഴ്നാട്, ഉത്തർപ്രദേശ്, രാജസ്ഥാൻ, മഹാരാഷ്ട്ര എന്നീ എട്ടു സംസ്ഥാനങ്ങളിലായിട്ടാണ് വ്യാപിക്കുക. ഇലക്ട്രോണിക്സ് ഘടകങ്ങളുടെ നിർമാണം ചില സംസ്ഥാനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ മറ്റ് ഭാഗത്തേക്കും വ്യാപിപ്പിക്കുന്നതിനാണ് കൂടുതൽ സംസ്ഥാനങ്ങളിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ മന്ത്രാലയം വ്യക്തമാക്കി.

## പെട്രോകെമിക്കൽ കോൺക്ലേവ് ഇന്ന് കൊച്ചിയിൽ

**കൊച്ചി:** സംസ്ഥാന വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'പെട്രോകെമിക്കൽ ആൻഡ് അലൈഡ് സെക്ടേഴ്സ്' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന കോൺക്ലേവ് ഇടപ്പള്ളിയിലെ ഹോട്ടൽ ലുലു മാരിയറ്റിൽ മന്ത്രി പി. രാജീവ് ഇന്ന് രാവിലെ 09.30ന് ഉദ്ഘാടനം ചെയ്യും. പെട്രോകെമിക്കൽ അസോസിയേഷൻ മേധാവിയും ബി.പി.ആർ.ഇ.പി എക്സിക്യൂട്ടീവ് ഡയറക്ടറുമായ എ. എൻ ശ്രീറാം മുഖ്യപ്രഭാഷണം നടത്തും. വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ. പി. എം മുഹമ്മദ് ഹനീഷ് 'സംസ്ഥാനത്തെ പെട്രോകെമിക്കൽ പരിസ്ഥിതിയും മുന്നോട്ടുള്ള വഴിയും' എന്ന വിഷയത്തിൽ അവതരണം നടത്തും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോകെമിക്കൽസ് ടെക്നോളജി (ഐ.പി.ടി) ഡയറക്ടറും തലവനുമായ ഡോ. കെ. എ. രാജേഷ്, ബിപിസിഎൽ (പെറ്റ്കെം ടാസ്ക് ഫോഴ്സ്) മേധാവി അതുൽ ഖാൻവാൾക്കർ, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ്, കെ.എസ്.ഐ.ഡി.സി ജനറൽ മാനേജർ വർഗീസ് മാളക്കാരൻ, കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടറും ഡി.ഐ.സി ഡയറക്ടറുമായ പി. വിഷ്ണുരാജ്, വ്യവസായ വകുപ്പ് ഒ.എസ്.ഡി ആനി ജൂല തോമസ് എന്നിവർ സംസാരിക്കും. കേരളത്തിന്റെ പെട്രോകെമിക്കൽ മേഖലയിലെ നിക്ഷേപ അവസരങ്ങൾ കണ്ടെത്തുന്നതിനായി പ്രധാന വ്യവസായ പങ്കാളികളെ കോൺക്ലേവ് ഒരുമിച്ച് കൊണ്ടുവരും. കിൻഫ്ര (കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ), ബി.പി.സി.എൽ (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്) എന്നിവയുമായി സഹകരിച്ച് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.ഡി.സി) ആണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. സംസ്ഥാനത്തിന്റെ പുരോഗമന നയങ്ങൾ, നിക്ഷേപക സൗഹൃദ സംരംഭങ്ങൾ, പെട്രോകെമിക്കൽ പാർക്കിലെ മികച്ച അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉയർത്തിക്കാട്ടുന്നതിനൊപ്പം അനുബന്ധ മേഖലകളിലും കോൺക്ലേവ് ശ്രദ്ധ കേന്ദ്രീകരിക്കും.

## ആഡംബര ഭവന വിപണിയിൽ കുതിപ്പ്: 2025ൽ ചെലവിട്ടത് 7,186 കോടി

**മുംബൈ:** ആഡംബര ഭവന വിപണിയിൽ 2025ലുണ്ടായത് വൻ മുന്നേറ്റം. രാജ്യത്തെ അതിസമ്പന്നർ 51 ആഡംബര വസതികൾക്കായി മുടക്കിയത് 7,186 കോടി രൂപ. ഇത്തവണ മുംബൈയ്ക്കാണ് വിപണിയിൽ ആധിപത്യം. മൊത്തം ഇടപാടുകളുടെ 68 ശതമാനവും മുംബൈയിലായിരുന്നു.

ഒമ്പത് ഇടപാടുകൾ 200 കോടി രൂപയ്ക്ക് മുകളിലുള്ളവയായിരുന്നു. 100 കോടി രൂപയ്ക്ക് മുകളിൽ 30 ഇടപാടുകളും നടന്നു. 2023ൽ 79 ഇടപാടുകളിലായി 7,178.78 കോടി രൂപയുടെയും 2024ലിൽ 31 ഇടപാടുകളിലായി 4,056.76 കോടി രൂപയുടെയും കച്ചവടമാണ് നടന്നത്.

കൊട്ടാര സമാനമായ അപ്പാർട്ടുമെന്റുകൾക്കായിരുന്നു മുംബൈയിൽ മുൻഗണന. വോർളി, ജുഹു, മലബാർ ഹിൽ തുടങ്ങിയവയാണ് പ്രിയപ്പെട്ടതായി മാറിയത്. മുംബൈയിലെ 35 ഇടപാടുകൾക്കായി 5,128.12 കോടി രൂപയാണ് ചെലവഴിച്ചത്.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply



രണ്ടാമതായി കൂടുതൽ ഇടപാടുകൾ നടന്നത് ഡൽഹിയിലാണ്. ല്യൂട്ടൻസ് സോണിലെ ബംഗ്ലാവുകൾക്കായിരുന്നു കൂടുതൽ ഡിമാൻഡ്. എപിജെ അബ്ദുൾ കലാം റോഡ്, ഗോൾഫ് ലിങ്ക് എന്നിവയാണ് മറ്റ് പ്രധാന സ്ഥലങ്ങൾ. 12 ഇടപാടുകളിലായി ഇവിടെ ചെലവഴിച്ചത് 1,594.11 കോടി രൂപയാണ്. ബംഗളുരുവിൽ മൂന്ന് ഇടപാടുകളും ഗുരുഗ്രാമിൽ ഒരു ഇടപാടും നടന്നു.

മുംബൈയിലെ 51 ഇടപാടുകളിൽ 21 എണ്ണവും വോർളിയിലാണ്. ഇതോടെ ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ ഇഷ്ട താമസസ്ഥലമായി മുംബൈ.

വോർളിയിലെ ഒബ്റോയ് 360 വെസ്റ്റ്എന്ന റെസിഡൻഷ്യൽ പ്രൊജക്ടിലാണ് കൂടുതൽ അത്യാഡംബര വിൽപനകൾ നടന്നത്. സാപ്കീയുടെ ടോപ്പ് ലിസ്റ്റിൽ ഈ പ്രൊജക്ടിൽനിന്നുള്ള എട്ട് ഇടപാടുകൾ ഇടംപിടിച്ചു.

## ഹൈഡ്രജൻ ട്രെയിനിന്റെ പരീക്ഷണ ഓട്ടം ജനുവരി 26 ന്



**ന്യൂഡൽഹി:** ഇന്ത്യൻ റെയിൽവേയുടെ ചരിത്രത്തിലാദ്യമായി ഹൈഡ്രജൻ ഉപയോഗിച്ച് ഓടുന്ന ട്രെയിൻ അന്തിമ പരീക്ഷണ ഓട്ടത്തിനു സജ്ജമായി. ഹരിയാനയിലെ ജിൻഡ്, സോനിപ്പത്ത് നഗരങ്ങൾക്കിടയിൽ റിപ്പബ്ലിക് ദിനമായ 26 മുതൽ പരീക്ഷണ ഓട്ടമുണ്ടാകും.

ഭാരംകയറ്റിയുള്ള ഈ പരീക്ഷണത്തിനുശേഷം പ്രധാനമന്ത്രിയുടെ ഓഫിസിന്റെ അനുമതി ലഭിച്ചാൽ സ്ഥിരം സർവീസ് ആരംഭിക്കും. പരിസ്ഥിതി സൗഹൃദവും നിർമലവുമായ ഊർജത്തിലേക്കുള്ള രാജ്യത്തിന്റെ ചുവടുവയ്പ്പിൽ പുതിയ നാഴികക്കല്ലാകും ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുന്ന ട്രെയിൻ.

വെള്ളത്തിൽ നിന്നാണ് ട്രെയിൻ പ്രവർത്തിക്കാൻ ആവശ്യമായ ഇന്ധനം ഉത്പാദിപ്പിക്കുന്നത്. ഒമ്പതു കിലോഗ്രാം വെള്ളത്തിൽ നിന്ന് 900 ഗ്രാം ഹൈഡ്രജൻ ഉത്പാദിപ്പിക്കാനാകും. ഒരു കിലോമീറ്റർ സഞ്ചരിക്കാൻ ഇത്രയും മതിയാകും. മണിക്കൂറിൽ 150 കിലോമീറ്റർ വേഗത്തിലാകും ട്രെയ്ൻ സഞ്ചരിക്കുക.

ഹൈഡ്രജൻ വാതക നിർമാണത്തിനായി സ്പാനിഷ് കമ്പനി നിർമിച്ച യൂണിറ്റ് ജിൻഡ് റെയിൽവേ സ്റ്റേഷനിൽ സ്ഥാപിച്ചിട്ടുണ്ട്. ചെന്നൈയിലെ ഇൻറഗ്രൽ കോച്ച് ഫാക്റ്ററിയിൽ നിർമിച്ച നാലു ഡ്രൈവർ കാറുകളും 16 പാസഞ്ചർ കോച്ചുകളും ഇതിനകം ഷാകുർ ബസ്തി സ്റ്റേഷനിലെത്തി. രണ്ടു ഡ്രൈവർ കാറുകളും എട്ടു പാസഞ്ചർ കോച്ചുകളും വീതമാകും പരീക്ഷണത്തിന് ഉപയോഗിക്കുക. ട്രെയിനിന്റെ രണ്ട് അഗ്രത്തിലും ഓരോ ഡ്രൈവർ കാറുകളുണ്ടാകും.

# ഇന്നത്തെ പരിപാടികൾ

## കൊച്ചി മുസിരിസ് ബിനാലെ

### ഫോർട്ട് കൊച്ചി

**ബാസ്റ്റിൻ ബംഗ്ലാവ്, എബിസി ആർട് റൂം:** മെറ്റീരിയൽ എക്സ്പ്ലോറേഷൻ- ശിൽപ്പശാല രാവിലെ 10 മുതൽ, സ്റ്റിച്ചസ് ഓഫ് ബിലോങ് ദി തോഡ എംബ്രോയിഡറി സ്റ്റോറി-രമ്യ റെഡ്ഡി നയിക്കുന്ന ശിൽപ്പശാല വൈകുന്നേരം 04 മുതൽ

**ബാസ്റ്റിൻ ബംഗ്ലാവ്, ബിനാലെ പവലിയൻ:** എക്സ്പിരിമെന്റ ഇന്ത്യ സ്പെഷ്യൽ എഡിഷൻ ചലച്ചിത്ര പ്രദർശനം രാത്രി 07 മുതൽ

### എറണാകുളം

**മാരിയറ്റ് ഹോട്ടൽ ഇടപ്പള്ളി:** കേരള പെട്രോകെമിക്കൽ കോൺക്ലേവ് ഉദ്ഘാടനം മന്ത്രി പി. രാജീവ് രാവിലെ 9.30

**എറണാകുളം സഹോദര സൗധം:** ശ്രീനാരായണ സേവാസംഘം, ശ്രീനാരായണ സഹോദര ധർമ്മ വേദി, എസ്.എൻ.ഡി.പി സംരക്ഷണ സമിതി ഉൾപ്പെടെയുള്ള സംഘടനകളുടെ സംയുക്ത സമ്മേളനം രാവില 10 ന്

### കളമശേരി

**കളമശേരി ബെയ്ത് കൺവെൻഷൻ സെന്റർ:** മന്ത്രി പി.രാജീവ് സംഘടിപ്പിക്കുന്ന ഒപ്പം സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് സംഘാടക സമിതി രൂപീകരണം വൈകുന്നേരം 3.00 ന്

### തൃപ്പൂണിത്തുറ

**കരിങ്ങാച്ചിറ സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി കത്തീഡ്രൽ പള്ളി മൈതാനം :** കുടുംബയൂണിറ്റുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കരിങ്ങാച്ചിറ കാർണിവെൽ ഉച്ചകഴിഞ്ഞ് 02 മുതൽ

### കാക്കനാട്

**തൃക്കാക്കര നഗരസഭ:** സ്റ്റാൻഡിംഗ് കമ്മിറ്റിയംഗങ്ങളുടെ തിരഞ്ഞെടുപ്പ് രാവിലെ 10.30 ന്

### തിരുവൈരാണിക്കുളം

**തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രം:** ശ്രീപാർവ്വതീദേവിയുടെ നടതുറപ്പ് മഹോൽസവം- ദർശനം പുലർച്ചെ 04 മുതൽ ഉച്ചയ്ക്ക് 01.30 വരെ ഉച്ചകഴിഞ്ഞ് 02 മുതൽ രാത്രി 09 വരെ

### കോതമംഗലം

**കോതമംഗലം റവന്യൂ ടവർ അങ്കണം:** ബോധി കലാസാംസ്കാരിക സംഘടനയുടെ നേതൃത്വത്തിൽ പുസ്തകോൽസവം രാവിലെ 09.30 മുതൽ, സാംസ്ക്കാരിക സമ്മേളനം ഉദ്ഘാടനം വൈകുന്നേരം 05.30 ന്

# പദ്ധതി നടപടികൾ പരമാവധി വേഗത്തിൽ പൂർത്തിയാക്കണം: ജില്ലാ വികസന സമിതി

**കൊച്ചി:** സാമ്പത്തിക വർഷം അവസാനിക്കാൻ മൂന്നുമാസം മാത്രമുള്ള സാഹചര്യത്തിൽ പദ്ധതികൾ സംബന്ധിച്ച നടപടികൾ പരമാവധി വേഗത്തിൽ പൂർത്തിയാക്കണമെന്ന് ജില്ലാ വികസന സമിതി. നിയമസഭാ തിരഞ്ഞെടുപ്പ് അടുത്ത പശ്ചാത്തലത്തിൽ രണ്ട് മാസം മാത്രമാണ് പദ്ധതി നിർവഹണത്തിനായി ലഭിക്കുക. മാർച്ച് മാസത്തിനു മുമ്പായി തങ്ങൾക്ക് കീഴിൽ വരുന്ന പദ്ധതികൾ പൂർത്തിയാക്കാൻ എല്ലാ വകുപ്പുകളും പ്രത്യേക ശ്രദ്ധ നൽകണം. ഭരണാനുമതിയും സാങ്കേതിക അനുമതിയും വേണ്ട പദ്ധതികളിൽ എത്രയും വേഗം അത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും യോഗം നിർദ്ദേശിച്ചു. കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്നതും ആരംഭിക്കാനുള്ളതുമായ പദ്ധതികൾ സംബന്ധിച്ച പുരോഗതിയും തുടർനടപടികളും എം.എൽ.എ യോഗത്തിൽ ആരാഞ്ഞു. ചില പദ്ധതികൾ അനന്തമായി നീളുന്ന സാഹചര്യം ഉണ്ട്. ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തരുത്. മുടിക്കൽ സ്കൂൾ കെട്ടിടം സംബന്ധിച്ച സാങ്കേതിക അനുമതി പരമാവധി വേഗത്തിൽ ലഭ്യമാക്കണം. ഐക്കരനാട് ഗ്രാമപഞ്ചായത്തിലെ ടാർ മിക്സിംഗ് പ്ലാന്റിന് ലൈസൻസ് കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം ആണോ ലഭിച്ചത് എന്ന് പരിശോധിക്കണമെന്നും എം.എൽ.എ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു.

തമ്മനം പുല്ലേപ്പടി റോഡിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിനായുള്ള നടപടികൾ വേഗത്തിൽ പൂർത്തിയാക്കണമെന്ന് ടി.ജെ വിനോദ് എം.എൽ.എ ആവശ്യപ്പെട്ടു. ഇതിന് സർവേയറെ നിയമിക്കണം.1985 ൽ നോർത്ത് ഇടപ്പള്ളി , സൗത്ത് ഇടപ്പള്ളി വില്ലേജുകളിൽ റെയിൽവേ ഏറ്റെടുത്ത സ്ഥലങ്ങളിൽ ഉപയോഗപ്പെടാത്തവ ചിലത് ലേലം ചെയ്തു നൽകിയതിലെ പിഴവുകൾ പരിഹരിക്കുന്നത് അനന്തമായി നീളുന്നു ഇതിന് പരിഹാരം വേണമെന്നും എം.എൽ.എ പറഞ്ഞു.

ഈ പ്രശ്നത്തിൽ കൃത്യമായ മേൽനോട്ടം ആവശ്യമാണെന്നും ഇതുമായി ബന്ധപ്പെട്ട് അടുത്തയാഴ്ച പ്രത്യേക യോഗം വിളിക്കുമെന്നും ജില്ലാ കളക്ടർ ജി.പ്രിയങ്ക പറഞ്ഞു.

ഓപ്പറേഷൻ ബ്രേക്ക് ത്രൂവുമായി ബന്ധപ്പെട്ട് മുല്ലശ്ശേരി കനാലിന്റെ ചിറ്റൂർ റോഡ് മുതൽ എം.ജി റോഡ് വരെയുള്ള ഭാഗത്തെ പ്രവർത്തി നടത്തുന്നതിന് അടിയന്തരമായി ടെണ്ടർ നടപടികൾ പൂർത്തീകരിക്കണം. എം.ജി റോഡിലെ ഡ്രെയിനേജ് നവീകരണം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നിലവാരം ഉറപ്പാക്കി സമയബന്ധിതമായി തീർക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാധാകൃഷ്ണൻ, ജില്ലാ പ്ലാനിങ് ഓഫീസർ ജി. ഉല്ലാസ്, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# എല്ലാവരും ആരോഗ്യ സംരക്ഷണത്തെ പുതുവർഷ പ്രതിജ്ഞയായി കണക്കാക്കണം: ജില്ലാ കളക്ടർ

**കൊച്ചി:** പുതു വർഷത്തിൽ ആരോഗ്യത്തിന് പ്രഥമ പരിഗണന നൽകണമെന്നും ആരോഗ്യ സംരക്ഷണത്തെ പുതുവർഷ പ്രതിജ്ഞയായി കണക്കാക്കണമെന്നും ജില്ലാ കളക്ടർ ജി പ്രിയങ്ക. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന വിവിധ പദ്ധതികളുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ.

നല്ലത് കഴിക്കുക, നന്നായി ഉറങ്ങുക, വ്യായാമം ചെയ്യുക, ആരോഗ്യത്തിൽ ശ്രദ്ധിക്കുക എന്നിവയിൽ എല്ലാവരും പ്രത്യേക ശ്രദ്ധ പുലർത്തണമെന്നും യോഗത്തിന്റെ അധ്യക്ഷത വഹിച്ച ജില്ലാ കളക്ടർ പറഞ്ഞു.

ദേശീയ വിരവിമുക്ത ദിനം, കുഷ്ഠരോഗ നിർമാർജന യജ്ഞത്തിന്റെ ഭാഗമായി നടത്തുന്ന അശ്വമേധം 7.0, മികച്ച ജീവിതശൈലി ശീലമാക്കുന്നതിനുള്ള 'ആരോഗ്യം ആനന്ദം വൈബ് 4 വെൽനസ്സ്', പരിപാടി എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ യോഗം ചർച്ച ചെയ്തു.

ജനുവരി ആറിന് വിരവിമുക്ത ദിനത്തോടനുബന്ധിച്ച് സ്കൂളുകൾ, അങ്കണവാടികൾ എന്നിവ കേന്ദ്രീകരിച്ച് പ്രതിരോധ ഗുളികകൾ നൽകും. ഒന്ന് മുതൽ 19 വയസ് വരെയുള്ളവരാണ് ഗുളിക കഴിക്കേണ്ടത്. സ്വകാര്യ , എയ്ഡഡ്, സർക്കാർ സ്കൂളുകളിൽ സൗജന്യമായി മരുന്ന് വിതരണം ചെയ്യും. സ്കൂളിൽ പോകാത്തവർക്ക് അങ്കണവാടികളിൽ നിന്ന് വാങ്ങാം. അന്ന് ഗുളിക കിട്ടാത്തവർക്ക് ജനുവരി 12 ന് ലഭിക്കും.

കുഷ്ഠരോഗ നിർമാർജനുമായി ബന്ധപ്പെട്ട് നടത്തുന്ന അശ്വമേധം 7.0 ക്യാമ്പയിൻ വിപുലമായി നടത്താൻ യോഗത്തിൽ തീരുമാനിച്ചു. ജനുവരി ഏഴ് മുതൽ 20 വരെ നടത്തുന്ന ഭവന സന്ദർശന ബോധവത്കരണ പരിപാടിയുടെ ഭാഗമായി പരിശീലനം ലഭിച്ച ഒരു സ്ത്രീയും പുരുഷനും അടങ്ങിയ സംഘം വീടുകൾ സന്ദർശിക്കും. ഇതിനായി 4830 സന്നദ്ധ പ്രവർത്തകർക്കാണ് പരിശീലനം നൽകിയിട്ടുള്ളത്.

ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കാൻ ആരോഗ്യകരമായ ജീവിതശൈലി രൂപപ്പെടുത്തുക എന്ന ലക്ഷ്യമിട്ട് സർക്കാർ നടപ്പാക്കുന്ന ആരോഗ്യം ആനന്ദം, വൈബ് ഫോർ വെൽനസ് എന്ന കർമ്മപദ്ധതി കൂടുതൽ വിപുലമാക്കാനും യോഗത്തിൽ തീരുമാനിച്ചു.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുമായി സഹകരിച്ചാണ് പദ്ധതികൾ നടപ്പാക്കുന്നത്. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ വിവിധ വകുപ്പുകളുടെ മേധാവികൾ പങ്കെടുത്തു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ.എൽ ഷീജ, അഡീ. ഡി.എം.ഒ ഡോ. കെ.ആർ വിദ്യ, ആർ സി എച്ച് ഓഫീസർ ഡോ. എം.എസ് രശ്മി, ഡെപ്യൂട്ടി ഡി.എം.ഒ ആരതി കൃഷ്ണൻ, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം ഓഫീസർ ഡോക്ടർ പ്രസ്ലിൻ ജോർജ്, ജില്ലാ എഡ്യൂക്കേഷൻ മീഡിയ ഓഫീസർ ജി. രജനി തുടങ്ങിയവർ സംസാരിച്ചു.

# ഡോ. കെ. എം. മുൻഷി മെമ്മോറിയൽ പ്രഭാഷണം നാളെ

**കൊച്ചി:** ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രയുടെആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഏഴാമത് ഡോ. കെ. എം. മുൻഷി മെമ്മോറിയൽ പ്രഭാഷണം നാളെ വൈകുന്നേരം അഞ്ചിന് എറണാകുളം ടി ഡി റോഡിലുള്ള ഭാരതീയ വിദ്യാഭവൻസർദാർ പട്ടേൽ സഭാഗൃഹത്തിൽ നടക്കും. ഭാരതീയ വിദ്യാഭവൻ സ്ഥാപകനായ ഡോ. കെ. എം. മുൻഷിയുടെ ജന്മവാർഷികാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഈ ചടങ്ങിൽ സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസ് ഡോ. ഡി. വൈ. ചന്ദ്രചൂഡ് മുഖ്യപ്രഭാഷണം നടത്തും. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ചെയർമാൻ സി. എ വേണുഗോപാൽ സി ഗോവിന്ദ് അധ്യക്ഷത വഹിക്കും. ഡയറക്ടർ ഇ. രാമൻകുട്ടി, പ്രോഗ്രാം ചീഫ് കോ-ഓർഡിനേറ്റർ മീനാ വിശ്വനാഥ് എന്നിവരും ചടങ്ങിൽ പങ്കെടുക്കും.

# പാവക്കുളം ഉത്സവം സമാപിച്ചു



**കൊച്ചി :** കലൂർ പാവക്കുളം ശ്രീ മഹാദേവക്ഷേത്രത്തിൽ കഴിഞ്ഞ പത്തു ദിവസമായി നടന്നുവന്ന ഉൽസവം ആറാട്ടോടെ സമാപിച്ചു. കൊടിയിറക്കിയശേഷം ആനപ്പുറത്ത് തിടമ്പേറ്റി ദേശം ചുറ്റിവന്നതിനുശേഷമാണ് ക്ഷേത്രക്കുളത്തിൽ ആറാട്ട് നടന്നത്. ആറാട്ടിനു ശേഷം ആനപ്പുറത്തേറിയ ഭഗവാനെ നിറപറകളോടെ സ്വീകരിച്ചു. ശേഷം നടന്ന ആറാട്ട് സദ്യയിൽ ആയിരങ്ങൾ പങ്കെടുത്തു.

# മാർ അത്തനേഷ്യസ് അഖിലേന്ത്യാ ഫുട്ബോൾ ടൂർണ്ണമെന്റിന് തുടക്കം

**കോതമംഗലം:** മാർ അത്തനേഷ്യസ് ട്രോഫിക്കു വേണ്ടിയുള്ള ഇരുപത്തിമൂന്നാമത് അഖിലേന്ത്യാ ഇന്റർ സ്കൂൾ ഇൻവിറ്റേഷൻ ഫുട്ബോൾ ടൂർണ്ണമെന്റ് പാറപ്പുറത്തുള്ള എയ്ലി സ്പോർട്ട്സ് ആന്റ് കൾച്ചറൽ അക്കാദമിയിൽ ആരംഭിച്ചു. ഒളിംപ്യൻ അനിൽഡ തോമസ് ടൂർണ്ണമെന്റ് ഉദ്ഘാടനം ചെയ്തു. യാക്കോബായ സഭയുടെ അങ്കമാലി മേഖലാധിപനും സംഘാടക സമിതിയുടെ രക്ഷാധികാരിയുമായ ഡോ മാത്യൂസ് മാർ അന്തിമോസ് മെത്രാപ്പോലീത്ത ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കാഞ്ഞൂർ സെൻറ് മേരീസ് ഫെറോന പള്ളി വികാരി ഫാ ജോയി കണ്ണമ്പുഴ അനുഗ്രഹ പ്രഭാഷണം നടത്തി.

സംഘാടക സമിതിയുടെ ചെയർമാൻ എം ഒ ജോൺ ഗ്രൗണ്ടിൽ ടൂർണ്ണമെന്റ് പതാക ഉയർത്തി. ആലുവ തൃക്കുന്നത്ത് സെന്റ് മേരീസ് പള്ളിയിലെ പരിശുദ്ധ പൗലോസ് മാർ ആത്താനാസ്യോസ് വലിയ തിരുമേനിയുടെ കബറിടത്തിൽ നിന്ന് ആലുവ ഫുട്ബോൾ അക്കാദമിയിലെ കുട്ടികൾ പാറപ്പുറത്ത് ഗ്രൗണ്ടിൽ എത്തിച്ച ദീപശിഖ, മുൻ സന്തോഷ് ട്രോഫി മുൻ താരം പി. അഖിൽ ഗ്രൗണ്ടിൽ പ്രകാശിപ്പിച്ചു. കാഞ്ഞൂർ പഞ്ചായത്ത് പ്രസിഡന്റ് സെബാസ്റ്റ്യൻ പോൾ, ഇൻഡ്യൻ എക്സ്പ്രസ് മുൻ ചീഫ് റിപ്പോർട്ടർ രമേഷ് മാത്യു, പഞ്ചായത്ത് വാർഡ് മെമ്പർ കെ എ ഖാലിദ്, സംഘാടക സമിതിയുടെ രക്ഷാധികാരിയും മുൻ ജി.സി.ഡി.എ സെക്രട്ടറിയുമായ എം എൻ സത്യദേവൻ, വി പി ജോർജ്, ലത്തീഫ് പൂഴിത്തറ, ജോസ് മാവേലി, എം എം ജേക്കബ്, തമ്പി കലമണ്ണിൽ, ചിന്നൻ റ്റി. പൈനാടത്ത്, എയ്ലി സ്പോർട്ട്സ് ആന്റ് കൾച്ചറൽ അക്കാദമി മാനേജർ ഡോ കെ പി ഉണ്ണികൃഷ്ണൻ, ഫ്രാൻസിസ് മൂത്തേടൻ, ദിനേഷ് വർമ്മ, എം എം പൗലോസ്, എൻ ജെ ജേക്കബ്, ഇട്ടി മാത്യു, അബു ഹാരിസ്, തോമസ് പോൾ, എൽദോ ജേക്കബ്, ജോളി ജോസഫ്, എ അലക്സ്, ഷെയ്ക് മുഹമ്മദ്, അബ്ദുൾ മജീദ്, ലാൽ ബാബു തുടങ്ങിയവർ പങ്കെടുത്തു. ബാംഗ്ലൂർ ആർമി സ്പോർട്ട്സ് സ്കൂളും കോഴിക്കോട് മുക്കം ഹയർ സെക്കണ്ടറി സ്കൂളും തമ്മിലായിരുന്നു ഉദ്ഘാടന മൽസരം.



സൊസൈറ്റി ടുഡേ
SOCIETY TODAY




# പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ച് എൻ.എസ്.എസ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) നാഷണൽ സർവീസ് സ്കീം ക്രിസ്മസ് അവധിക്കാലത്ത് മൂന്ന് കേന്ദ്രങ്ങളിലായി 7 ദിവസത്തെ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചു. സർവകലാശാലയിലെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥി വോളണ്ടിയർമാർ ക്യാമ്പുകളിൽ പങ്കെടുത്തു. കുസാറ്റ് വൈസ് ചാൻസലർ ഡോ. എം. ജൂനൈദ് ബുഷിരി ക്യാമ്പുകൾ ഉദ്ഘാടനം ചെയ്തു. രാഷ്ട്ര നിർമ്മാണത്തിലും സമൂഹ സേവനത്തിലും യുവജനങ്ങളുടെ പങ്ക് ഏറെ പ്രാധാന്യമുള്ളതാണെന്ന് അദ്ദേഹം പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു. രജിസ്ട്രാർ ഡോ. എ. യു അരുൺ വോളണ്ടിയർമാർക്കും സംഘാടകർക്കും ആശംസകൾ അറിയിച്ചു.

എച്ച്എംടി ഗവ. എൽ.പി. സ്കൂൾ, കളമശ്ശേരി ഗവ. പോളിടെക്നിക്, പുളിങ്കുന്ന് ഗവ. എൽ.പി. സ്കൂൾ എന്നീ കേന്ദ്രങ്ങളിലായിരുന്നു ക്യാമ്പുകൾ സംഘടിപ്പിച്ചത്. 250ലധികം ചടട വോളണ്ടിയർമാർ ക്യാമ്പുകളിൽ സജീവ പങ്കാളികളായി. സമൂഹ വികസനം, സാമൂഹിക ബോധവൽക്കരണം, വ്യക്തിത്വ വികസനം എന്നിവയാണ് ക്യാമ്പുകളിലൂടെ ലക്ഷ്യ മിടുന്നത്.

ക്യാമ്പുകളുടെ ഭാഗമായി സമൂഹ സർവേകൾ, സ്കൂൾ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ, ഇടപ്പള്ളി റെയിൽവേ സ്റ്റേഷൻ, കളമശ്ശേരി പൊലീസ് സ്റ്റേഷൻ എന്നിവിടങ്ങളിലെയും സമീപത്തെ പൊതു സ്ഥാപനങ്ങളിലെയും ശുചീകരണ പ്രവർത്തനങ്ങളും നടന്നു. സ്വച്ഛ് ഭാരത് പദ്ധതിയുടെ ഭാഗമായി ഇടപ്പള്ളി റെയിൽവേ സ്റ്റേഷനിലും കളമശ്ശേരി പൊലീസ് സ്റ്റേഷനിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ഇടപ്പള്ളിയിലെ അമൃത ആശുപത്രിയുമായി സഹകരിച്ച് പ്രദേശവാസികൾക്കായി മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. ഇതിലൂടെ അടിസ്ഥാന ആരോഗ്യ പരിശോധനകളും മെഡിക്കൽ സഹായങ്ങളും ലഭ്യമാക്കി.

ഇതുകൂടാതെ വ്യക്തിത്വ വികസനവും മാനസികാരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും, ഫയർ ആൻഡ് റെസ്ക്യൂ പരിശീലനം, മാർഷ്യൽ ആർട്സ് പരിശീലനം, യോഗ സെഷനുകൾ, വിവിധ സാംസ്കാരിക പരിപാടികൾ എന്നിവയും ക്യാമ്പുകളുടെ ഭാഗമായി സംഘടിപ്പിച്ചു.

വോളണ്ടിയർമാരുടെയും പ്രാദേശിക സമൂഹത്തിന്റെയും സമഗ്ര വികസനമാണ് ഈ പരിപാടികളിലൂടെ ലക്ഷ്യമിടുന്നത്.



# ഗ്രീൻ കെമിസ്ട്രി ഫോർ ബെറ്റർ ലിവിംഗ് : കുസാറ്റിൽ പ്രഭാഷണം നടത്തി

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ അപ്ലൈഡ് കെമിസ്ട്രി വകുപ്പ് ഗ്രീൻ കെമിസ്ട്രി ഫോർ ബെറ്റർ ലിവിംഗ്' എന്ന വിഷയത്തിൽ അമേരിക്കയിലെ ഇല്ലിനോയിസ് വെസ്ലിയൻ സർവകലാശാലയിലെ പ്രൊഫസർ ഡോ. റാം മോഹൻ പ്രഭാഷണം നടത്തി. വകുപ്പിന്റെ ഗോൾഡൻ ജൂബിലി വാർഷിക ആഘോഷങ്ങളുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. ദൈനംദിന ജീവിതത്തിൽ രാസവസ്തുക്കളുടെ നിർണ്ണായക പങ്ക് ഡോ. റാം മോഹൻ തന്റെ പ്രഭാഷണത്തിൽ വിശദീകരിച്ചു. അതേസമയം അപകടകരമായ രാസവസ്തുക്കൾ മൂലമുണ്ടാകുന്ന പരിസ്ഥിതി ആഘാതങ്ങളെക്കുറിച്ചും അദ്ദേഹം പ്രതിപാദിച്ചു. ഹാനികരമായ രാസവസ്തുക്കൾക്ക് നിരോധനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത അദ്ദേഹം പറഞ്ഞതോടൊപ്പം സുരക്ഷിതവും സുസ്ഥിരവുമായ മറ്റ് മാർഗ്ഗങ്ങൾ വികസിപ്പിക്കുകയും സ്വീകരിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യവും വ്യക്തമാക്കി. പുതിയ ഹരിത ശ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്കും വ്യവസായങ്ങൾക്കും സർക്കാർ സബ്സിഡികൾ ഉൾപ്പെടെയുള്ള പിന്തുണ നൽകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നാലുവർഷ FYUGP പ്രോഗ്രാമിലെ വിദ്യാർത്ഥികൾ, ഇന്റഗ്രേറ്റഡ് എം.എസ്.സി. വിദ്യാർത്ഥികൾ, ഗവേഷണ വിദ്യാർത്ഥികൾ എന്നിവർ പ്രഭാഷണത്തിൽ സജീവമായി പങ്കെടുത്തു. അപ്ലൈഡ് കെമിസ്ട്രി വകുപ്പ് മേധാവി ഡോ. യൂസഫ് കരുവത്ത് അധ്യക്ഷത വഹിച്ചു. ചടങ്ങിൽ സീനിയർ പ്രൊഫസർ ഡോ. എസ്. പ്രതാപൻ, അസിസ്റ്റന്റ് പ്രൊഫസർ ഡോ. സെബാസ്റ്റ്യൻ നിബിൻ റെമെല്ലോ എന്നിവർ സന്നിഹിതരായി.

# കാപ്പ: ഏകദിന ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി:** പൊതുജനത്തിന്റെ സ്വൈര്യജീവിതത്തിനു ഭീഷണിയായി മാറുന്ന സ്ഥിരം കുറ്റവാളികൾക്കെതിരെ മാത്രമേ കാപ്പ (കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് ) നിയമ പ്രകാരം നടപടി എടുക്കാവൂ എന്ന് മുൻ ഹൈക്കോടതി ജഡ്ജിയും കാപ്പ അഡ്വൈസറി ബോർഡ് ചെയർമാനുമായ പി. ഉബൈദ് പറഞ്ഞു. കാക്കനാട് കളക്ടറേറ്റ് ട്രെയിനിങ് ഹാളിൽ കാപ്പ നിയമത്തെ അടിസ്ഥാനമാക്കിയുള്ള ഏകദിന ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഒന്നിലധികം ക്രിമിനൽ കേസുകളിൽ പ്രതികളായ, കുറ്റകൃത്യങ്ങൾ ആവർത്തിക്കാൻ സാധ്യത ഉണ്ടെന്ന് അന്വേഷണ ഉദ്യോസ്ഥർക്ക് ബോധ്യമുള്ള സ്ഥിരം കുറ്റവാളികൾക്കെതിരെ മാത്രമേ കാപ്പ ചുമത്താവൂ. കേസുകളിൽ വരുന്ന അനാവശ്യമായ കാലതാമസം അവ തള്ളി പോകാൻ കാരണമായേക്കാം, കാപ്പ അഡ്വൈസറി ബോർഡ് ചെയർമാൻ കൂട്ടിച്ചേർത്തു.

ജില്ലാ കളക്ടർ ജി. പ്രിയങ്ക, കാപ്പ അഡ്വൈസറി ബോർഡ് അംഗം പി. എൻ സുകുമാരൻ, ജില്ലാ ലോ ഓഫീസർ മനു സോളമൻ എന്നിവർ പങ്കെടുത്തു.

## ടെണ്ടർ ക്ഷണിച്ചു

**കൊച്ചി:** കാഡ്കോയുടെ 2026 വർഷത്തെ ഡയറി പ്രിന്റ് ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചു.കാഡ്കോയുടെ എംപാനൽഡ് ആർട്ടിസാൻ യൂണിറ്റുകൾക്കും ടെണ്ടറിൽ പങ്കെടുക്കാവുന്നതാണ്. ക്വട്ടേഷനുകൾ ജനുവരി 15 ഉച്ചയ്ക്ക് 3.00 വരെ റീജിയണൽ ഓഫീസർ, കാഡ്കോ, മദ്ധ്യമേഖലാ ഓഫീസ്, ഒന്നാം നില, നളന്ദാ കൃഷ്ണാ ആർക്കേഡ്, ചാത്തങ്ങാട് റോഡ്, പാലാരിവട്ടം. എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ഫോൺ : 0484 2539956, 2539946.

# അസി. പ്രൊഫസറുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു

**ആലപ്പുഴ:** കേപ്പിന്റെ നിയന്ത്രണത്തിലുള്ള പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് മാനേജ്മെന്റിൽ കമ്പ്യൂട്ടർ സയൻസ് വിഷയത്തിൽ അസി. പ്രൊഫസറുടെ തസ്തികയിലേക്ക് താൽകാലിക നിയമനം നടത്തും. യോഗ്യത എം.ടെക്. ഉദ്യോഗാർഥികൾ വിശദമായ ബയോഡേറ്റായും പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ജനുവരി ഏഴിന് രാവിലെ 10 മണിക്ക് കോളേജിൽ നേരിട്ട് ഹാജരാകണം . ഫോൺ 0477-2267311, 9846597311.

# പ്രസിഡന്റ്സ് ട്രോഫി വള്ളംകളി ജനുവരി 10ന്

**കൊല്ലം:** പ്രസിഡന്റ്സ് ട്രോഫി വള്ളംകളിയും ചാംപ്യൻസ് ബോട്ട് ലീഗ് ഫൈനലും ജനുവരി 10ന് അഷ്ടമുടിക്കായലിൽ നടക്കും. ഇതുമായി ബന്ധപ്പെട്ട സംഘാടകസമിതി യോഗം കലക്ടറേറ്റിൽ ചേർന്നു. മത്സരങ്ങൾ സുഗമമായി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഉറപ്പാക്കാൻ ധനകാര്യവകുപ്പ് മന്ത്രി കെ.എൻ ബാലഗോപാൽ നിർദേശം നൽകി.

വനിതകളുടെ വള്ളങ്ങൾ ഉൾപ്പെടെ ഒമ്പത് വള്ളങ്ങൾ മത്സരത്തിൽ പങ്കെടുക്കും. തേവള്ളി കൊട്ടാരത്തിന് സമീപത്തു നിന്നുള്ള സ്റ്റാർട്ടിങ് പോയിന്റ് മുതൽ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിനു സമീപത്തെ ബോട്ട് ജെട്ടി വരെ 1,100 മീറ്ററിലാണ് മത്സരം. ഫലപ്രഖ്യാപനത്തിൽ കൃത്യത ഉറപ്പാക്കാൻ ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യകളാണ് സജ്ജമാക്കുക.

പരിപാടിയുടെ പ്രചരണാർഥം കലാ കായിക പരിപാടികൾ നടത്തും. കഥാപ്രസംഗം, വഞ്ചിപ്പാട്ട് ഉൾപ്പെടെ സാംസ്കാരിക ഘോഷയാത്ര സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തി. എം.പി, എം.എൽ.എ, ജില്ലാ കലക്ടർ തുടങ്ങിയവരുടെ ടീമുകൾ പങ്കെടുക്കുന്ന ഫുട്ബോൾ, വടംവലി, കബഡി മത്സരങ്ങളും വരുംദിവസങ്ങളിൽ സംഘടിപ്പിക്കും.

യോഗത്തിൽ ജില്ലാ കലക്ടർ എൻ ദേവിദാസ് അധ്യക്ഷനായി. എൻ.കെ പ്രേമചന്ദ്രൻ എം.പി, എം നൗഷാദ് എം.എൽ.എ, മേയർ എ.കെ ഹഫീസ്, എ.ഡി.എം ജി നിർമ്മൽകുമാർ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എക്സ്. ഏണസ്റ്റ്, റേസ് കമ്മിറ്റി ചെയർമാൻ ആർ.കെ കുറുപ്പ്, സംഘാടക സമിതി അംഗങ്ങൾ, വിവിധ ഉപസമിതി കൺവീനർമാർ, അംഗങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# സപ്ലൈകോ സബ്സിഡി അരി ഒറ്റതവണയായി നൽകുന്നത് പരിഗണിക്കും: മന്ത്രി

**തിരുവനന്തപുരം:** സംസ്ഥാന സർക്കാർ സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ എട്ട് കിലോഗ്രാം അരി ഒറ്റതവണയായി നൽകുന്ന കാര്യം പരിഗണിക്കുമെന്ന് ഭക്ഷ്യ, പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ അറിയിച്ചു. നിലവിൽ രണ്ടു തവണകളായി നാലു കിലോഗ്രാം വീതമാണ് സബ്സിഡി മട്ട അരി നൽകുന്നത്. എന്നാൽ വയോധികർക്കും ഭിന്നശേഷിക്കാർക്കും രണ്ടു തവണ ഇതിനായി കടകളിലെത്തുന്നതിന് ബുദ്ധിമുട്ടുണ്ടെന്ന് മന്ത്രിയോട് സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് നടപടി. അരിയുടെ ലഭ്യത ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിച്ച് ഇത് നടപ്പിലാക്കും. ഭക്ഷ്യമന്ത്രിയുടെ പ്രതിമാസ ലൈവ് ഫോൺ ഇൻ പ്രോഗ്രാമിൽ വന്ന പരാതിയിൽ മറുപടി നൽകുകയായിരുന്നു മന്ത്രി.

സെക്രട്ടേറിയറ്റിൽ മന്ത്രിയുടെ ചേംബറിൽ നടന്ന പരിപാടിയിൽ 24 പരാതികൾ മന്ത്രി നേരിട്ടു കേട്ടു ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. മുൻഗണന കാർഡിന് ജനുവരി 15 മുതൽ അപേക്ഷിക്കാൻ അവസരം നൽകും. റേഷൻ കാർഡ് തരം മാറ്റുന്നതുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. ഗുരുതര രോഗം ബാധിച്ചവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ്, ഡോക്ടറുടെ ശുപാർശ എന്നിവ നൽകി അപേക്ഷിച്ചാൽ മുൻഗണനാ കാർഡിലേക്ക് തരം മാറ്റി നൽകും.

ഏതു റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാമെന്നുള്ള നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ പുതിയതായി റേഷൻ കടകൾ തുടങ്ങുന്നതിനുള്ള അപേക്ഷകൾ ഇപ്പോൾ പരിഗണിക്കുന്നില്ലെന്ന് മന്ത്രി വ്യക്തമാക്കി. എന്നാൽ അടുത്തായി റേഷൻ കടകൾ ഇല്ലാത്തതും, ജനങ്ങൾക്ക് കൂടുതൽ ദൂരം റേഷൻ വാങ്ങാൻ സഞ്ചരിക്കേണ്ടി വരുന്നതുമായ മേഖല പരിശോധിച്ച് റേഷൻ കട അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് കൊല്ലം പാരിപ്പള്ളിയിൽ നിന്നും വിളിച്ച അശോകന്റെ പരാതിയിൽ മറുപടിയായി അറിയിച്ചു.

തൃശൂർ ജില്ലയിൽ 174 റേഷൻ കടകളുടെ ലൈസൻസ് റദ്ദ് ചെയ്തതായും പുതിയവ പരിഗണിക്കുന്നുമില്ലെന്ന റിയയുടെ പരാതി അന്വേഷിക്കുമെന്ന് മന്ത്രി പറഞ്ഞു. 2021 ലെ വെള്ളപ്പൊക്കത്തിൽ റേഷൻകടയിൽ വെള്ളം കയറി ധാന്യങ്ങൾ നഷ്ടപ്പെട്ടതായും ഈ വിവരം ഇ പോസ് മെഷീനിൽ രേഖപെടുത്തിയിട്ടില്ലാത്തതിനാൽ ബുദ്ധിമുട്ടുണ്ടാവുന്നതായും അറിയിച്ച കാഞ്ഞിരപ്പള്ളി സ്വദേശി സജീവിന്റെ പരാതിയിലും സംസ്ഥാനത്തുള്ള സമാനമായ മറ്റ് പരാതികളിലും വേഗത്തിൽ പരിഹാരം കാണും. സിവിൽ സപ്ളീസ് വകുപ്പിലെ താൽക്കാലിക ഡ്രൈവറായ കല്പറ്റയിലെ ചന്ദ്രബാബുവിന്റെ പരാതിയും റേഷൻകടയുടെ തൃപ്തികരമല്ലാത്ത പ്രവർത്തനം സംബന്ധിച്ച കോഴിക്കോട് ജില്ലയിലെ ഷിജേഷ് കുമാറിന്റെ പരാതിയും പരിശോധിക്കും.

സ്കൂളിൽ പട്ടികളുടെ ശല്യമുണ്ടെന്നും സ്കൂൾ പരിസരം വൃത്തികേടാക്കുന്നു എന്നും ആനാട് വേങ്കവിളയിൽ നിന്നുമുള്ള പ്രൈമറി സ്കൂൾ വിദ്യാർത്ഥിനിയായ നിതയുടെ പരാതി മന്ത്രി അനുഭാവപൂർവ്വം കേട്ടു ബന്ധപ്പെട്ട പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്താം എന്നറിയിച്ചു. താന്നിമൂട് ജംഗ്ഷനിൽ ബസ് കാത്തിരിപ്പു കേന്ദ്രം വേണമെന്ന നിത്യയുടെ ആവശ്യവും റോഡ് പണി പൂർത്തിയായ ഉടൻ നടപ്പിലാക്കുമെന്നും മന്ത്രി ഉറപ്പുനൽകി.

## റെക്കോർഡ് വരുമാന നേട്ടവുമായി അവധിക്കാല ഉല്ലാസയാത്രകൾ: 9,24,000 രൂപയുമായി കൊല്ലം ഡിപ്പോ

**കൊല്ലം:** ക്രിസ്മസ് പുതുവത്സര അവധിക്കാല യാത്രകളിലൂടെ കെഎസ്ആർടിസി നേടിയത് ലക്ഷങ്ങളുടെ വരുമാനം. ജില്ലയിലെ 9 ഡിപ്പോകളിൽ നിന്നുമായി 38 ലക്ഷം രൂപയാണ് ഉല്ലാസ യാത്രകളിലൂടെ ബജറ്റ് ടൂറിസം സെൽ നേടിയത്. 9,24,000 രൂപയുമായി കൊല്ലം ഡിപ്പോ ഒന്നാം സ്ഥാനത്തു എത്തിയപ്പോൾ 7,56,000 രൂപയുമായി കൊട്ടാരക്കര രണ്ടാമതും 5,96,000 രൂപയുമായി ചടയമംഗലം മൂന്നാമതും എത്തി. കരുനാഗപ്പള്ളി (5,60,120), പത്തനാപുരം (2,55,790), പുനലൂർ (3,42,980), ചാത്തന്നൂർ (2,32,260), കുളത്തൂപ്പുഴ (90,000), ആര്യങ്കാവ് (34,400) എന്നിങ്ങനെയാണ് മറ്റ് യൂണിറ്റുകളിൽ നിന്ന് ലഭിച്ച വരുമാന നിരക്ക്.

തിരുവൈരാണിക്കുളം നടതുറപ്പ് അനുബന്ധിച്ച് എല്ലാ ദിവസവും കൊല്ലം ഡിപ്പോയിൽ നിന്നും ബസുകൾ ഉണ്ടാകും. ഡീലക്സ് ബസിന് 850 രൂപയും ലോ ഫ്ലോർ എ സി ക്ക് 1100 രൂപയുമാണ് നിരക്ക്. ജനുവരി 6, 30 തീയതികളിൽ ഗവി യാത്രാ ഉണ്ടായിരിക്കും. നിരക്ക് 1750 രൂപ. ജനുവരി 10, 25 തീയതികളിൽ മൂന്നാർ കാന്തല്ലൂർ യാത്രയും പാഞ്ചാലിമേട് യാത്രയും ഉണ്ടായിരിക്കും. (മൂന്നാർ 2380 രൂപ, പാഞ്ചാലിമേട് 820 രൂപ)




# കുടുംബാധിഷ്ഠിത സംരക്ഷണം 500 കുട്ടികൾക്ക് 2 വർഷത്തിനകം സാധ്യമാക്കി: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** കുടുംബാധിഷ്ഠിത സംരക്ഷണം 500 കുട്ടികൾക്ക് 2 വർഷത്തിനകം സംസ്ഥാന വനിത ശിശു വികസന വകുപ്പ് സാധ്യമാക്കിയതായി ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ്. രാജ്യത്ത് ഏറ്റവും കൂടുതൽ കുടുംബാധിഷ്ഠിത പരിചരണം ഉറപ്പാക്കിയ സംസ്ഥാനമാണ് കേരളം. ബാല സുരക്ഷിത കേരളം നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. മികച്ച പ്രവർത്തനം നടത്തിയതിന് സംസ്ഥാന വനിതാ ശിശു വികസന വകുപ്പിന്റെ കാവൽ കാവൽ പ്ലസ് പദ്ധതിയെ സുപ്രീം കോടതി പ്രത്യേകം അഭിനന്ദിച്ചു. ഓരോ കുഞ്ഞും സമൂഹത്തിന്റെ സമ്പത്താണ്. അവർ നല്ല നിലയിൽ വളർന്നു വരിക എന്നത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. നമ്മുടെ കുഞ്ഞുങ്ങൾ എവിടെയായാലും സുരക്ഷിതമായിരിക്കണമെന്നും മന്ത്രി പറഞ്ഞു. വർണ്ണച്ചിറകുകൾ ചിൽഡ്രൻസ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ഉജ്ജ്വലബാല്യം പുരസ്കാരവും മന്ത്രി വിതരണം ചെയ്തു.

ഓരോ കുഞ്ഞും വ്യത്യസ്ഥമാണ്. അവരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കണം. ഒരു കുഞ്ഞിനെ മറ്റൊരു കുഞ്ഞുമായും താരതമ്യം ചെയ്യാൻ പാടില്ല. മുതിർന്നവരുടെ ഇഷ്ടം അനുസരിച്ചല്ല കുഞ്ഞുങ്ങളെ വളർത്തേണ്ടത്. അവരുടെ താൽപര്യങ്ങളും കഴിവുകളും തിരിച്ചറിഞ്ഞ് അവർക്ക് വേണ്ട അന്തരീക്ഷമൊരുക്കുകയാണ് വേണ്ടത്. ഒന്നും പ്രതിസന്ധിയല്ല ആത്മാർത്ഥമായി പരിശ്രമിച്ചാൽ അത് നേടാവുന്നതാണ്.

ചിൽഡ്രൻസ് ഫെസ്റ്റിൽ ഈ വർഷം സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് പുറമേ നിർഭയ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന എൻട്രി ഹോമുകളിലെയും, മോഡൽ ഹോമിലെയും, മെന്റൽ ഹെൽത്ത് ഹോമിലെയും കുട്ടികളേയും, ഉൾപ്പെടുത്തി 22 മത്സരയിനങ്ങളിലായി ആയിരത്തോളം പേരാണ് ചിൽഡ്രൻസ് ഫെസ്റ്റിൽ പങ്കെടുക്കുന്നത്. കുട്ടികൾ സ്റ്റേറ്റ് തലത്തിൽ കടന്ന് വരിക എന്നത് വലിയ കാര്യമാണ്. പ്രതിസന്ധികൾക്ക് മുമ്പിൽ തളർന്ന് പോകരുത്.

2017 ലാണ് വനിത ശിശു വികസന വകുപ്പ് രൂപീകരിച്ചത്. 202122 ൽ പൂർണമായും സ്വതന്ത്രമായ വകുപ്പായി. കുട്ടികളുടെയും സ്ത്രീകളുടെയും വികസനത്തിന് വനിത ശിശു വികസന വകുപ്പ് വിവിധങ്ങളായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. രാജ്യത്തെ ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്ക് കേരളത്തിലാണ്. ശിശുമരണ നിരക്ക് അഞ്ചിൽ എത്തിക്കാൻ കേരളത്തിന് കഴിഞ്ഞു. അമേരിക്കയെക്കാളും കുറഞ്ഞ ശിശുമരണ നിരക്കാണിത്.

നിർഭയ സെല്ലിന്റെ ഭാഗമായി കുട്ടികൾ ഉണ്ടാക്കുന്ന ഉത്പന്നങ്ങൾക്കായി ഉയരേ പദ്ധതി ആരംഭിച്ചു. അഭിമാനത്തോടെ കാണുന്ന ഒരു പദ്ധതിയാണ് ഇതെന്നും മന്ത്രി പറഞ്ഞു.

വനിത ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡയറക്ടർ ഹരിത വി കുമാർ, ചലച്ചിത്ര താരം മീനാക്ഷി അനൂപ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി പ്രിയദർശിനി, അഡീഷണൽ ഡയറക്ടർ ബിന്ദു ഗോപിനാഥ്, സി ഡബ്ല്യുസി ചെയർമാൻ ഡോ. മോഹൻ രാജ്, മുൻ വൈസ് ചാൻസലർ ഡോ. എം കെ സി നായർ, ഗവ. വിമൻസ് കോളേജ് പ്രിൻസിപ്പൽ ഡോ. ഉമാ ജ്യോതി പി എന്നിവർ പങ്കെടുത്തു.

# മലയാള സിനിമാ അവാർഡുമായി മാക്ട; പ്രതിമാസ സംവാദ പരിപാടിയും തുടങ്ങും

**കൊച്ചി:** മലയാള ചലചിത്ര സാങ്കേതിക പ്രവർത്തകരുടെ സംഘടനയായ മാക്ട ഈ വർഷം മുതൽ മലയാള സിനിമകൾക്കായി അവാർഡ് ഏർപ്പെടുത്തുന്നു. അഭിനേതാക്കൾക്കും നിർമ്മാതാവിനും സംഗീത വിഭാഗത്തിനും പ്രധാന സാങ്കേതിക വിഭാഗങ്ങൾക്കും ഉൾപ്പെടെ പുരസ്കാരങ്ങൾ നൽകപ്പെടുന്ന മാക്ട ഫിലിം അവാർഡ്.



നിലവാരം കൊണ്ടും ജനപ്രീതി കൊണ്ടും ഒരുപോലെ ശ്രദ്ധേയമാകും വിധത്തിലാണ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

ചെയർമാൻ ജോഷിമാത്യുവിന്റെ അധ്യക്ഷതയിൽ നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയിലാണ് ഫിലിം അവാർഡ് ഉൾപ്പടെ പുതുവർഷത്തിൽ മാക്ട നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടത്.

പുതിയ പ്രതിഭകളെ കണ്ടെത്തുന്നതിനായി മാക്ട നടത്തുന്ന തിരക്കഥാ മത്സരത്തിന് വളരെ മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്നും , ഒട്ടേറെ എഴുത്തുകാരുടെ അഭ്യർത്ഥന മാനിച്ച് തിരക്കഥാ മത്സരത്തിലേക്ക് അപേക്ഷിക്കുവാനുള്ള അവസാന തീയതി ജനുവരി 15 വരെ നീട്ടുന്നതായും മാക്ട ഭാരവാഹികൾ അറിയിച്ചു. മാക്ട അംഗങ്ങൾക്ക് വേണ്ടി മൊബൈൽ ഫോൺഫോട്ടോ മത്സരമാണ് പുതുവർഷത്തിലെ മറ്റൊരു പരിപാടി. സ്ത്രീ എന്നതാണ് ഫോട്ടോ മത്സരത്തിന്റെ വിഷയം. മാക്ട ഇയർ പ്ലാനറിന്റെ വിതരണോത്ഘാടനം സംവിധായകൻ പദ്മകുമാറിന് കോപ്പി നൽകി കൊണ്ട് ചെയർമാൻ നിർവഹിച്ചു. ചലച്ചിത്ര മേഖലയിലെ വിവിധ വിഭാഗങ്ങളിലെ പ്രതിഭ തെളിയിച്ച പുതിയ തലമുറയിലെ പ്രതിഭകളുമായി ആശയവിനിമയത്തിന് അവസരം ഒരുക്കുന്ന പ്രതിമാസ സംവാദ പരിപാടിക്കും മാക്ട തുടക്കം കുറിക്കുകയാണ്.കിഷ്കിന്ദാകാണ്ഡം, എക്കോ എന്നീ സിനിമകളുടെ സംവിധാനവും തിരക്കഥയും ഛായാഗ്രഹണവും നിർവഹിച്ച ദിൻജിത് അയ്യത്താൻ ബാഹുൽ രമേശ് എന്നിവരാണ് പ്രതിമാസ സംവാദ പരിപാടിയിലെ ആദ്യ ക്ഷണിതാക്കൾ. മാക്ട ആസ്ഥാനത്തുള്ള സിനിമാ റഫറൻസ് ലൈബ്രറിയുടെ സേവനം സമീപപ്രദേശങ്ങളിലെ പൊതുജനങ്ങൾക്കും വിവിധ കലാലയങ്ങളിലെ വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുത്താവുന്നതാണെന്നും മാക്ട നേതൃത്വം അറിയിച്ചു.

ജനറൽ സെക്രട്ടറി ശ്രീകുമാർ അരൂക്കുറ്റി, ട്രഷറർ സജിൻലാൽ, വൈസ് ചെയർമാൻ പി കെ ബാബുരാജ്, ജോയിന്റ് സെക്രട്ടറിമാരായ ഉത്പൽ വി നായനാർ, സോണി സായി, ഭൂമിനാഥൻ, ജോസ് തോമസ്, സുന്ദർദാസ്, പദ്മകുമാർ, വേണു ബി നായർ, ബാബു പള്ളാശ്ശേരി, എ എസ് ദിനേശ്, അഞ്ജു അഷറഫ് എന്നിവരും എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പങ്കെടുത്തു.



# അധിക ബാഗേജിന് ഇളവുമായി എയർ ഇന്ത്യ എക്സ്പ്രസ്

**നിലവിലെ 30 കിലോ കൂടാതെ കുറഞ്ഞ നിരക്കിൽ 10 കിലോ അധിക ബാഗേജ് ബുക്ക് ചെയ്യാം**

**കൊച്ചി:** ഈ അവധിക്കാലത്ത് ഗൾഫിൽ നിന്നും നാട്ടിലേക്ക് യാത്ര ചെയ്യുന്നവർക്ക് അഞ്ച് കിലോ/ പത്ത് കിലോ അധിക ചെക്ക് ഇൻ ബാഗേജ് കുറഞ്ഞ നിരക്കിൽ മുൻകൂർ ബുക്ക് ചെയ്യാൻ അവസരമൊരുക്കി എയർ ഇന്ത്യ എക്സ്പ്രസ്. ജനുവരി 16നും മാർച്ച് 10നും ഇടയിൽ ബഹ്റൈൻ, കുവൈറ്റ്, ഒമാൻ, ഖത്തർ, സൗദി അറേബ്യ, യുഎഇ എന്നിവിടങ്ങളിൽ നിന്നും ഇന്ത്യയിലേക്ക് വരുന്നവർക്കാണ് ഈ ഓഫർ. ജനുവരി 31നകം എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റ്, മൊബൈൽ ആപ്പ്, മറ്റ് ബുക്കിംഗ് ചാനലുകൾ എന്നിവയിലൂടെ ടിക്കറ്റെടുക്കുന്നവർക്ക് ഈ ഓഫർ ലഭിക്കും.

ബഹ്റൈൻ (0.2 ബിഎച്ച്ഡി), കുവൈറ്റ് (0.2കെഡി), ഒമാൻ (0.2ഒഎംആർ), ഖത്തർ (1ക്യുഎആർ), സൗദി അറേബ്യ (2എസ്എആർ), യുഎഇ (2എഇഡി) എന്നിങ്ങനെയാണ് ഒരു കിലോയുടെ നിരക്ക്. അഞ്ച് അല്ലെങ്കിൽ പത്ത് കിലോയുടെ അധിക ബാഗേജുകളാണ് ബുക്ക് ചെയ്യാൻ സാധിക്കുക. എക്സ്പ്രസ് വാല്യു, എക്സ്പ്രസ് ലൈറ്റ്, എക്സ്പ്രസ് ഫ്ളെക്സ്, എക്സ്പ്രസ് ബിസ് തുടങ്ങി എല്ലാ വിഭാഗങ്ങളിലും ഈ ഓഫർ ലഭ്യമാണ്. നിലവിൽ ഈ സെക്ടറുകളിൽ എക്സ്പ്രസ് ലൈറ്റ് ഒഴികെയുള്ള മറ്റെല്ലാ വിഭാഗങ്ങളിലും 30 കിലോ ചെക്ക് ഇൻ ബാഗേജാണ് എയർ ഇന്ത്യ എക്സ്പ്രസ് അനുവദിക്കുന്നത്. 10 കിലോ അധിക ബാഗേജ് കൂടി ഓഫർ നിരക്കിൽ ലഭിക്കുന്നതിനാൽ ഇപ്പോൾ നാട്ടിലേക്കുള്ള യാത്രകളിൽ 40 കിലോ വരെ ചെക്ക്ഇൻ ബാഗേജ് കൊണ്ടുവരാനുള്ള അവസരമാണ് പ്രവാസികൾക്ക് ലഭിക്കുന്നത്.

# അന്താരാഷ്ട്ര സ്പൈസ് റൂട്ട്സ് സമ്മേളനം നാളെ കൊച്ചിയിൽ

**കൊച്ചി :** സംസ്ഥാന ടൂറിസം വകുപ്പുമായി സഹകരിച്ച് മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സ്പൈസ് റൂട്ട്സ് സമ്മേളനം ജനുവരി 6 മുതൽ 8 വരെ കൊച്ചി ബോൾഗാട്ടി പാലസിൽ നടക്കും. സമ്മേളനം സംസ്ഥാനത്തിന്റെ നൂറ്റാണ്ടുകൾ പഴക്കമുള്ള സമ്പന്നമായ സമുദ്ര പൈതൃകത്തെയും അതിന്റെ ആഗോള പ്രസക്തിയെയും ഉയർത്തിക്കാട്ടുന്ന ചർച്ചകൾക്ക് വേദിയൊരുക്കും. വിവിധ മേഖലകളെ പ്രതിനിധീകരിക്കുന്ന പ്രമുഖ ചരിത്രകാരന്മാർ, ആർക്കൈവിസ്റ്റുകൾ, പണ്ഡിതന്മാർ എന്നിവർ സമ്മേളനത്തിലെ സെഷനുകൾക്ക് നേതൃത്വം നൽകും.

രാജ്യത്തിനകത്തെ പ്രതിനിധികൾക്ക് പുറമേ 22 രാജ്യങ്ങളിൽ നിന്നായി വിവിധ മേഖലകളിലെ 38 പ്രമുഖ വ്യക്തികളും സമ്മേളനത്തിന്റെ ഭാഗമാകും. പ്രമുഖ അക്കാദമിഷ്യന്മാർ, ചരിത്രകാരന്മാർ, പ്രശസ്ത പുരാവസ്തു ഗവേഷകർ, നയതന്ത്രജ്ഞർ, നയരൂപീകരണ വിദഗ്ധർ, ടൂറിസം മേഖലയിലെ പ്രഗത്ഭർ, പ്രശസ്ത കലാകാരന്മാർ, സാംസ്കാരിക പരിശീലകർ എന്നിവർ പങ്കെടുക്കുന്ന സെഷനുകൾ സമ്മേളനത്തിൽ ഉണ്ടായിരിക്കും.

ലിസ്ബൺ സർവകലാശാലയിലെ ഡോ. ഹ്യൂഗോ കാർഡോസോ, ഓസ്ട്രിയയിലെ സെൻട്രൽ യൂറോപ്യൻ സർവകലാശാലയിലെ പ്രൊഫ. ഇസ്താൻ പെർസെൽ, ജക്കാർത്തയിലെ സിയാരിഫ് ഹിദായത്തുള്ള സ്റ്റേറ്റ് ഇസ്ലാമിക് യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ജജാത്ത് ബുർഹാനുദിൻ, ഷാർജയിലെ അമേരിക്കൻ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ജെയിംസ് ഒൻലി, ഇന്തോനേഷ്യ ഇന്റർനാഷണൽ ഇസ്ലാം യൂണിവേഴ്സിറ്റിയിലെ ഡോ. നിയ ഡെലിയാന, ബെൽജിയത്തിലെ ഗെന്റ് യൂണിവേഴ്സിറ്റിയിലെ ഡോ. സാറാ മൊണ്ടിനി, യുകെയിലെ സെന്റ് ആൻഡ്രൂസ് സർവകലാശാലയിലെ ഡോ. അഖില യെച്ചൂരി, ഒമാനിലെ സുൽത്താൻ ഖാബൂസ് സർവകലാശാലയിലെ ഡോ. സന്ധ്യ റാവു മേത്ത, യുകെയിലെ ഗ്ലാസ്ഗോ സർവകലാശാലയിലെ ഡോ. ഒഫിറ ഗാംലിയൽ, ഷാർജ മ്യൂസിയം ഡയറക്ടർ ഡോ. മനാൽ അതായ, ഖത്തർ മ്യൂസിയത്തിലെ ഡോ. റോബർട്ട് കാർട്ടർ, സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ഷെർബാനു എ.എൽ എന്നിവർ വിവിധ സെഷനുകളിലെ പ്രഭാഷകരാണ്. ഉദ്ഘാടന ദിവസം 'അന്തർദേശീയ പൈതൃക ഇടനാഴികളുടെ ഭരണ നിർവഹണവും നിലനിൽപ്പും നയ പാതകൾ' എന്ന വിഷയത്തിൽ കൊച്ചി മുസിരിസ് ബിനാലെ ഫൗണ്ടേഷൻ ചെയർപേഴ്സണും മുൻ ചീഫ് സെക്രട്ടറിയുമായ ഡോ. വേണു വി സംസാരിക്കും. ടൂറിസം സെക്രട്ടറി കെ.ബിജു, ഐസിഒഎംഒഎസ് ഇന്ത്യ പ്രസിഡന്റ് ഡോ. റിമ ഹൂജ, യുനെസ്കോ ഡയറക്ടർ ടിം കർട്ടിസ് എന്നിവരാണ് ഈ സെഷനിലെ മറ്റ് പാനലിസ്റ്റുകൾ. ടൂറിസം ഡയറക്ടർ ശിഖ സുരേന്ദ്രൻ മോഡറേറ്ററാകും.

ആദ്യ ദിവസം സ്പൈസ് റൂട്ട്സ്: ജനങ്ങളും വസ്തുക്കളും ആശയങ്ങളും എന്ന വിഷയത്തിൽ ടൂറിസം ഡയറക്ടർ ശിഖ സുരേന്ദ്രൻ പ്രഭാഷണം നടത്തും.'സ്പൈസ് റൂട്ടിന്റെ സാംസ്കാരിക പാരമ്പര്യവും ജീവിതവും' എന്ന സെഷനിൽ സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി സിഇഒ രൂപേഷ്കുമാർ കെ, ഐജിഐഎൻഎ ആദി ദൃഷ്യ ഡയറക്ടർ ഡോ. റിച്ച നേഗി, കൂടിയാട്ട ആചാര്യൻ ഡോ. മധു മാർഗി, തോൽപ്പാവക്കൂത്ത് കലാകാരൻ ഡോ. രാജീവ് പുലവർ, അഗസ്ത്യ കളരിയിലെ ഡോ. മഹേഷ് എസ് എന്നിവർ പങ്കെടുക്കും.'ഡിജിറ്റൽ സ്പൈസ് റൂട്ട്സ് സാങ്കേതിക വിദ്യയും പൈതൃക വ്യാഖ്യാനത്തിന്റെ ഭാവിയും' എന്ന വിഷയത്തിലുള്ള സെഷനിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്യുഎം) സിഇഒ അനൂപ് അംബിക, ബുക്കിംഗ് ഡോട്ട് കോമിലെ അരുൺ അശോക്, എക്സ്ആർ ഹൊറൈസൺ സിഇഒ ഡെൻസിൽ ആന്റണി, കൊച്ചി ഹെറിറ്റേജ് പ്രോജക്റ്റിലെ ജോഹാൻ കുരുവിള എന്നിവർ പാനലിസ്റ്റുകളായി പങ്കെടുക്കും. മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ് എംഡി ഷാരോൺ വി മോഡറേറ്ററായിരിക്കും.പ്രബന്ധാവതരണങ്ങൾ, സംഭാഷണങ്ങൾ, പോസ്റ്റർ പ്രദർശനങ്ങൾ, കലാ പ്രദർശനങ്ങൾ, ചലച്ചിത്ര പ്രദർശനം, കലാപ്രകടനങ്ങൾ, സ്ഥല സന്ദർശനങ്ങൾ തുടങ്ങിയ അക്കാദമിക, കലാപരമായ ആവിഷ്കാരങ്ങളും സമ്മേളനത്തിലുണ്ടാകും.സ്പൈസ് റൂട്ടിനെ തിരക്കേറിയ സമുദ്ര വാണിജ്യ പാതയെന്നതിലുപരി ആശയങ്ങൾ, കല, സാങ്കേതികവിദ്യ, മത പാരമ്പര്യങ്ങൾ എന്നിവ സംയോജിപ്പിച്ച് ജനങ്ങൾ തമ്മിലുള്ള ബന്ധം സൃഷ്ടിക്കുന്ന ഊർജ്ജസ്വലമായ സാംസ്കാരിക ഇടനാഴി എന്ന നിലയിലാണ് പ്രഭാഷകർ പര്യവേഷണം ചെയ്യുന്നത്.പ്രശസ്തമായ ആഗോള വ്യാപാര ഇടനാഴിയുടെ പരിധിയിൽ വരുന്ന രാജ്യങ്ങൾക്കിടയിൽ സാംസ്കാരിക, പൈതൃക ടൂറിസം ശക്തിപ്പെടുത്തുന്നതിനുള്ള കാഴ്ചപ്പാടുകൾ സമ്മേളനം മുന്നോട്ടുവയ്ക്കും. ചരിത്രം, സംസ്കാരം, പാരമ്പര്യം എന്നിവയിൽ വേരൂന്നിയ ആഴത്തിലുള്ള അനുഭവങ്ങൾ വാഗ്ദാനം ചെയ്യുന്ന ആകർഷകമായ ലക്ഷ്യസ്ഥാനമായി കേരളത്തെ സ്ഥാപിക്കാനാണ് അന്താരാഷ്ട്ര സ്പൈസ് റൂട്ട് സമ്മേളനം ലക്ഷ്യമിടുന്നത്.

INTERNATIONAL SPICE ROUTES CONFERENCE
Ancient Trails. New Journeys.

# കാർത്തികേയൻ മാണിക്കം ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ചെയർമാൻ



**കൊച്ചി:** തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ ചെയർമാനായി കാർത്തികേയൻ മാണിക്കം നിയമിതനായി. രണ്ടു ഘട്ടങ്ങളിലായി ചെയർമാനായിരുന്ന പി.ആർ രവി മോഹന്റെ കാലാവധി അവസാനിച്ചതിനെ ത്തുടർന്നാണ് നിയമനം. ബാങ്ക് ഓഫ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന കാർത്തികേയന് ബാങ്കിങ് ഓപ്പറേഷൻ, റിസ്ക് മാനേജ്മെന്റ്, റെഗുലേറ്ററി കംപ്ലയിൻസ്, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, ക്രെഡിറ്റ് മോണിറ്ററിംഗ്, റിക്കവറി, സാമ്പത്തിക ഉൾപ്പെടുത്തൽ എന്നീ മേഖലകളിലായി 36 വർഷത്തെ പ്രവൃത്തി പരിചയമുണ്ട്. ബാങ്ക് ഓഫ് ഇന്ത്യയുടെ വളർച്ചയ്ക്ക് നിർണായക പങ്കുവഹിച്ചിട്ടുള്ള കാർത്തികേയൻ റീട്ടെയിൽ, അഗ്രികൾച്ചർ, എംഎസ്എംഇ ഫിനാൻസിംഗ്, സിഎസ്ആർ, മാർക്കറ്റിംഗ് വിഭാഗങ്ങളിൽ മികവ് തെളിയിച്ചിട്ടുണ്ട്. ഇന്ത്യൻ ബാങ്കിൽ വിവിധ സീനിയർ ലീഡർഷിപ്പ് പദവികൾ വഹിച്ചിട്ടുള്ള അദ്ദേഹം തമിഴ്നാട് ഗ്രാമ ബാങ്ക്, ബിഐ സ്റ്റാർ ഇൻവെസ്റ്റ്മെന്റ് മാനേജേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവയുടെ ബോർഡ് അംഗമായും സ്റ്റാർ യൂണിയൻ ഡൈച്ചി ലൈഫ് ഇൻഷുറൻസ് കമ്പനിയുടെ ചെയർമാനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബാങ്കിങ് മേഖലയിലുള്ള കാർത്തികേയന്റെ പരിജ്ഞാനം സുസ്ഥിര വളർച്ച ഉറപ്പാക്കുന്നതിനും ഉപഭോക്തൃ സേവനത്തിന്റെ മികവ് ശക്തിപ്പെടുത്തുന്നതിനും സഹായകമാകുമെന്ന് ഇസാഫ് ബാങ്ക് അറിയിച്ചു.

# ക്യാപിറ്റൽ ഗെയിൻസ് അക്കൗണ്ട് സ്കീം അവതരിപ്പിച്ച് ഐ.സി.ഐ.സി.ഐ ബാങ്ക്

**കൊച്ചി:** ഐ.സി.ഐ.സി.ഐ ബാങ്ക് ക്യാപിറ്റൽ ഗെയിൻസ് അക്കൗണ്ട് സ്കീം അവതരിപ്പിച്ചു. പ്രത്യേക മൂലധന ആസ്തികൾ വിറ്റുകിട്ടിയ തുകയോ അല്ലെങ്കിൽ നിക്ഷേപിക്കാത്ത ദീർഘകാല മൂലധന നേട്ടമോ ഉപഭോക്താക്കൾക്ക് ഈ പദ്ധതിയിൽ നിക്ഷേപിക്കാനാകും. നിക്ഷേപിക്കുന്ന തുകയ്ക്ക് പലിശ ലഭിക്കുന്നതിനൊപ്പം മൂന്ന് വർഷം വരെ നികുതി ഇളവുകൾ നേടാനും ഈ പദ്ധതി ഉപഭോക്താക്കളെ സഹായിക്കുന്നുവെന്ന് ഐ.സി.ഐ.സി.ഐ ബാങ്ക് വക്താവ് പറഞ്ഞു.സി.ജി.എ.എസ് നിക്ഷേപങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള അംഗീകൃത സ്ഥാപനമായി ഐ.സി.ഐ.സി.ഐ ബാങ്കിനെ സർക്കാർ അംഗീകരിച്ചതിനെ തുടർന്നാണ് ഈ പദ്ധതി അവതരിപ്പിച്ചത്. ഇൻകം ടാക്സ് റിട്ടേൺ സമർപ്പിക്കാനുള്ള അവസാന തീയതിക്ക് മുൻപ് ദീർഘകാല മൂലധന നേട്ടം വീണ്ടും നിക്ഷേപിക്കാൻ കഴിയാത്ത നികുതിദായകർക്ക് ഈ പദ്ധതി ഗുണകരമാണ്. ഗ്രാമീണ മേഖലകളിലൊഴികെയുള്ള അടുത്തുള്ള ഐസിഐസിഐ ബാങ്ക് ശാഖ സന്ദർശിച്ച് ഉപഭോക്താക്കൾക്ക് സിജിഎഎസ് ചട്ടങ്ങൾ പ്രകാരം ക്യാപിറ്റൽ ഗെയിൻസ് അക്കൗണ്ട് തുറക്കാം. പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് തങ്ങളുടെ നിക്ഷേപിക്കാത്ത ദീർഘകാല മൂലധന നേട്ടം സുരക്ഷിതമായി നിക്ഷേപിക്കാനും, അതിലൂടെ പലിശ നേടാനും, മൂന്ന് വർഷം വരെ വീണ്ടും നിക്ഷേപം ആസൂത്രണം ചെയ്യുന്നതിനൊപ്പം നികുതി ഇളവുകൾ ലഭ്യമാക്കാനും കഴിയും. ഉപഭോക്താക്കളുടെ മാറിവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്ന സാമ്പത്തിക പരിഹാരങ്ങൾ നൽകാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഈ പദ്ധതിയെന്നും ഐ.സി.ഐ.സി.ഐ ബാങ്ക് വക്താവ് പറഞ്ഞു.

# ഐഡി ഫ്രഷിൽ നിക്ഷേപവുമായി ബ്രിട്ടീഷ് കമ്പനി

**ബംഗളൂരു:** റെഡിടുകുക്ക് ഭക്ഷണവിപണിയിലെ മുൻനിരക്കാരായ ഐഡി ഫ്രഷ് ഫുഡിൽ വൻ നിക്ഷേപവുമായി ബ്രിട്ടീഷ് പ്രൈവറ്റ് ഇക്വിറ്റി സ്ഥാപനമായ അപാക്സ് പാർട്ണേഴ്സ്. ഏകദേശം 1,300 കോടി രൂപ നിക്ഷേപിച്ച് ഐഡി ഫ്രഷിന്റെ 25 ശതമാനം ഓഹരികൾ അപാക്സ് സ്വന്തമാക്കിയതായാണ് റിപ്പോർട്ട്.ഐഡി ഫ്രഷിന്റെ ഓഹരികൾക്കായി കാർലൈൽ, കേദാര, പെർമിറ, ക്രിസ് ക്യാപിറ്റൽ, മൾട്ടിപ്പിൾസ്, വെർലിൻവെസ്റ്റ് തുടങ്ങിയ പ്രമുഖ നിക്ഷേപകരെ പിന്തള്ളിയാണ് അപാക്സ് പാർട്ണേഴ്സ് ഓഹരികൾ സ്വന്തമാക്കിയത്. ഏകദേശം 4500 കോടി രൂപയുടെ മൂല്യനിർണയത്തിൽ കരാർ വ്യവസ്ഥകൾ അന്തിമമാക്കി.ഇന്ത്യയിലെ ഉപഭോക്തൃ ഉത്പന്നമേഖലയിൽ അപക്സ് നടത്തുന്ന ആദ്യത്തെ പ്രധാന നിക്ഷേപങ്ങളിൽ ഒന്നാണിത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഐസിഐസിഐ പ്രു വെൽത്ത് ഫോറെവർ അവതരിപ്പിച്ചു

**കൊച്ചി:** ഐ.സി.ഐ.സി.ഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ലളിതവും നികുതി കാര്യക്ഷമവുമായ ലെഗസി പ്ലാനിംഗ് സോല്യൂഷൻ നൽകുന്ന ഐ.സി.ഐ.സി.ഐ പ്രു വെൽത്ത് ഫോറവർ' അവതരിപ്പിച്ചു. പ്രിയപ്പെട്ടവർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കളെ ലക്ഷ്യമിട്ടാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഉപഭോക്താവിന് 99 വയസ്സ് തികയുന്നത് വരെ ഇൻഷുറൻസ് പരിരക്ഷാ തുക ഓരോ മാസവും വർദ്ധിച്ചു കൊണ്ടിരിക്കും. ആകസ്മിക മരണം സംഭവിക്കുകയാണെങ്കിൽ നികുതി രഹിതമായ മുഴുവൻ ഇൻഷുറൻസ് തുകയും ഗുണഭോക്താക്കൾക്ക് ലഭിക്കും. ഉപഭോക്താക്കൾക്ക് ലളിതവും ലെഗസി പ്ലാനിംഗ് സോല്യൂഷൻ നൽകുന്നതിനായി പ്രത്യേകമായി തയ്യാറാക്കിയതാണ് ഐ.സി.ഐ.സി.ഐ പ്രു വെൽത്ത് ഫോറെവർ. പോളിസി കാലയളവ് വരെ ഉപഭോക്താവ് ജീവിച്ചിരിക്കുകയാണെങ്കിൽ, അടച്ച മുഴുവൻ പ്രീമിയം തുകയും തിരികെ നൽകുന്നതാണ്.

55 വയസ്സുള്ള സംരംഭകൻ ഈ പദ്ധതിയിൽ ഏഴ് വർഷത്തേക്ക് പ്രതിവർഷം 30 ലക്ഷം രൂപ വീതം നിക്ഷേപിക്കുകയാണെങ്കിൽ, 1.5 കോടി രൂപയിൽ ആരംഭിച്ച് തുടർച്ചയായി വർധിക്കുന്ന ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. പോളിസി ഉടമ 85ാം വയസ്സിൽ മരിക്കുകയാണെങ്കിൽ നികുതിയില്ലാതെ ആനുകൂല്യമായി നോമിനിയ്ക്ക് 10 കോടി രൂപ ലഭിക്കും. ഇത് സംരംഭകന്റെ ലെഗസി സംരക്ഷിക്കാനും കുടുംബത്തിന് സാമ്പത്തിക തുടർച്ച ഉറപ്പാക്കാനും സഹായിക്കും.

രാജ്യത്ത് വരുമാനവും ആയുർദൈർഘ്യവും വർധിച്ചുവരുന്ന സാഹചര്യത്തിൽ ലെഗസി പ്ലാനിംഗിന്റെ പ്രാധാന്യം വ്യക്തികൾ കൂടുതൽ തിരിച്ചറിയാൻ തുടങ്ങി. ഉപഭോക്താക്കളുടെ ലെഗസി പ്ലാനിംഗ് പ്രക്രിയ ലളിതമാക്കാൻ സഹായിക്കുന്നതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത 'ഐ.സി.ഐ.സി.ഐ പ്രു വെൽത്ത് ഫോറെവർ' അവതരിപ്പിക്കുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് ഐ.സി.ഐ.സി.ഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡിന്റെ ചീഫ് പ്രോഡക്ട് ഓഫീസറായ വികാസ് ഗുപ്ത പറഞ്ഞു.

ഈ പദ്ധതിയിലൂടെ ലഭിക്കുന്ന ഇൻഷുറൻസ് പരിരക്ഷ 99 വയസ്സുവരെ തുടർച്ചയായി വർധിച്ചുകൊണ്ടിരിക്കും. ഉപഭോക്താവിന് ആകസ്മിക മരണം സംഭവിക്കുകയാണെങ്കിൽ ഈ പരിരക്ഷാ തുക നികുതി രഹിത ആനുകൂല്യമായി ലഭിക്കും. ഇതുവഴി അടുത്ത തലമുറയ്ക്ക് തടസ്സമില്ലാതെ സമ്പത്ത് കൈമാറാനും അവർക്കു സാമ്പത്തിക സുരക്ഷ ഉറപ്പാക്കാനും സാധിക്കും. കൂടാതെ സൗജന്യ ഹെൽത്ത് ചെക്ക്അപ്പ് സൗകര്യം വിനിയോഗിച്ച് ഉപഭോക്താക്കൾക്ക് അവരുടെ ആരോഗ്യം കൃത്യമായി നിരീക്ഷിക്കാനും സംരക്ഷിക്കാനും സഹായിക്കുന്നു. 2026 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ 99.3 ശതമാനവുമായി ഇൻഡസ്ട്രിയിലെ തന്നെ മികച്ച ക്ലെയിം സെറ്റിൽമെന്റ് അനുപാതം കമ്പനിക്കുണ്ട്. പരിശോധന ആവശ്യമില്ലാത്ത ക്ലെയിമുകൾ തീർപ്പാക്കാനുള്ള ശരാശരി സമയം 1.1 ദിവസമാണ്. അത്യാവശ്യ സമയങ്ങളിൽ വേഗത്തിലും തടസ്സമില്ലാതെയും ക്ലെയിം തുക ലഭ്യമാക്കാൻ സഹായിക്കുന്ന ലളിതവത്കരിച്ച പ്രക്രിയകയാണ് ഐ.സി.ഐ.സി.ഐ പ്രുഡൻഷ്യനിലുള്ളതെന്ന് വികാസ് ഗുപ്ത കൂട്ടിച്ചേർത്തു.

# വീഗാലാൻഡ് ഡെവലപ്പേഴ്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** വിഗാർഡ് ഗ്രൂപ്പിന്റെ ഭാഗമായ വീഗാലാൻഡ് ഡെവലപ്പേഴ്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാരംഭ രേഖകൾ (ഡിആർഎച്ച്പി) സമർപ്പിച്ചു.

കേരളത്തിൽ മിഡ്പ്രീമിയം, പ്രീമിയം, അൾട്രാപ്രീമിയം, ലക്സ്സീരീസ്, അൾട്രാലക്ഷ്വറി വിഭാഗങ്ങളിലായി ബഹുനില റെസിഡൻഷ്യൽ അപ്പാർട്ട്മെന്റ് പദ്ധതികളുടെ ആസൂത്രണം, നിർമ്മാണം, വിൽപ്പന എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു റിയൽ എസ്റ്റേറ്റ് ഡെവലപ്മെൻറ് കമ്പനിയാണ് വീഗാലാൻഡ് ഡെവലപ്പേഴ്സ് ലിമിറ്റഡ്.

2025 ഡിസംബർ 8ലെ ഐസിആർഎ റിപ്പോർട്ട് പ്രകാരം കേരളത്തിലെ ഏറ്റവും വേഗത്തിൽ വിൽപ്പന നടത്തുന്ന റിയൽ എസ്റ്റേറ്റ് ഡെവലപ്പറായും സംസ്ഥാനത്തെ മുൻനിര റെസിഡൻഷ്യൽ ഡെവലപ്പർമാരിൽ ഒരാളായും കമ്പനി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

കമ്പനി 250 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ഐപിഒയിൽ ഓഫർ ഫോർ സെയിൽ ഇല്ല.

2025 ഒക്ടോബർ 31ലെ കണക്കനുസരിച്ച് കമ്പനി 11.05 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള 10 റെസിഡൻഷ്യൽ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 12.67 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള 9 പദ്ധതികളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

ഇതിനുപുറമെ കേരളത്തിലെ കൊച്ചിയിലും തിരുവനന്തപുരത്തുമായി ആകെ 7.20 ഏക്കർ ഭൂമി ശേഖരമുണ്ട്. ആവശ്യമായ നിയമപരമായ അനുമതികൾ, സാധ്യത പഠനങ്ങൾ വിപണി സാഹചര്യങ്ങൾ എന്നിവയ്ക്ക് വിധേയമായി ഭാവിയിലെ പാർപ്പിട വികസന പദ്ധതികൾക്കായി ഈ ഭൂമി ഉപയോഗിക്കാനാണ് ലക്ഷ്യമിടുന്നത്.

ക്യൂമുലേറ്റീവ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് ആണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.



# 10 .99 ലക്ഷം മുതൽ ആരംഭിക്കുന്ന വിലയിൽ പുതിയ കിയ സെൽറ്റോസ്

**കൊച്ചി:** എസ്യുവി വിഭാഗത്തിൽ ശക്തമായ വരവറിയിച്ച് 10.99 ലക്ഷം (എക്സ്ഷോറൂം) മുതൽ ആരംഭിക്കുന്ന വിലയിൽ കിയ സെൽറ്റോസിന്റെ വിലകൾ പ്രഖ്യാപിച്ചു. 10.99 ലക്ഷം രൂപ മുതൽ 19.99 ലക്ഷം രൂപ വരെയാണ് വിവിധ മോഡലുകളുടെ പ്രാരംഭ വില. 25,000 രൂപ ടോക്കൺ തുകയ്ക്ക് ഡിസംബർ 11 മുതൽ പുതിയ സെൽറ്റോസിനുള്ള ബുക്കിങ് ആരംഭിച്ചിരുന്നു, ജനുവരി പകുതി മുതൽ ഡെലിവറികൾ ആരംഭിക്കും. കിയയുടെ വലിയ എസ്യുവി ടെല്ലുറൈഡിന്റെ ഡിസൈനിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് പുതിയ മോഡൽ എത്തിയിരിക്കുന്നത്. പുതിയ ഡിസൈൻ, കൂടുതൽ ടെക്നോളജി, മൂന്ന് എഞ്ചിൻ ഓപ്ഷനുകൾ എന്നിവയാണ് സവിശേഷതകൾ.

എക്സ്റ്റീരിയർ പോലെ തന്നെ ഇന്റീരിയറും പൂർണ്ണമായും നവീകരിച്ചിട്ടുണ്ട്, എന്നാൽ നിലവിലുള്ള കിയ മോഡലുകളുമായി ചില സാമ്യങ്ങളുമുണ്ട്.

കിയ സെൽറ്റോസിന്റെ ടോപ്പ്സ്പെക്ക് മോഡലിൽ വെന്റിലേറ്റഡ് ഫ്രണ്ട് സീറ്റുകൾ, പനോരമിക് സൺറൂഫ്, വയർലെസ് ചാർജർ, വയർലെസ് ആപ്പിൾ കാർപ്ലേ, ആൻഡ്രോയിഡ് ഓട്ടോ, മെമ്മറി ഫംഗ്ഷനോടു കൂടിയ പവേർഡ് ഡ്രൈവർ സീറ്റ്, പിൻവശത്തെ സൺഷെയ്ഡുകൾ, ഡ്യുവൽടോൺ ലെതറെറ്റ് അപ്ഹോൾസ്റ്ററി, 360ഡിഗ്രി ക്യാമറ, 64കളർ ആംബിയന്റ് ലൈറ്റിങ്, 8സ്പീക്കർ ബോസ് സൗണ്ട് സിസ്റ്റം, ഓടിഎ അപ്ഡേറ്റുകൾ, കണക്റ്റഡ് ടെക്, ലെവൽ 2 അഉഅട സ്യൂട്ട് എന്നിവ ലഭിക്കുന്നു.

കൂടാതെ സ്റ്റാൻഡേർഡ് സുരക്ഷാ ഫീച്ചറുകളായി 6 എയർബാഗുകൾ, ഇഎസ്സി , ഓൾവീൽ ഡിസ്ക് ബ്രേക്കുകൾ, ഹിൽസ്റ്റാർട്ട് അസിസ്റ്റ്, ടയർപ്രഷർ മോണിറ്ററിംഗ് സിസ്റ്റം , ഐസോഫിക്സ് ആങ്കറേജുകൾ, റിയർ ക്യാമറ തുടങ്ങിയവ ഉൾപ്പെടുന്നു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com